ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. യു.എ.ഇ. എംബസ്സിയുമായി ഇക്കാര്യത്തിൽ ചർച്ചകൾ നടന്നുവരുന്നു. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി മുംബൈയിലെ യു.എ.ഇ. കോൺസുലേറ്റുവഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുബൈയിലെ കോൺസുലേറ്റിൽ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലേക്കായി സംസ്ഥാന ആഭ്യന്തര വകുപ്പിലെ ഒരു ജോയിന്റ് സെക്രട്ടറിയേയും, ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്ന കേരള ഹൗസിലെ നോർക്കാ സെല്ലിലെ ഒരു അണ്ടർ സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിൽ കേന്ദ്രം തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ, സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന അതേ ദിവസം തന്നെ നടക്കുന്നതും വിദേശകാര്യ മന്ത്രാലയത്തിന്റെയും എംബസ്സിയുടെയും സാക്ഷ്യപ്പെടുത്തലുകൾ 30 മുതൽ 45 ദിവസങ്ങൾക്കകം നടക്കുന്നതുമാണ്.

(ഡി) എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തലിന് ഓരോ സർട്ടിഫിക്കറ്റിനും 50 രൂപയുടെ പോസ്റ്റൽ ഓർഡർ വീതവും എംബസ്സി അറ്റസ്റ്റേഷന് ഓരോ സർട്ടിഫിക്കറ്റിനും 750 രൂപാ വീതവും ഈടാക്കുന്നുണ്ട്. ഇതു കൂടാതെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഓരോ വ്യക്തിയിൽ നിന്നും 500 രൂപാ വീതം റൂട്ട്സ് ഈടാക്കുന്നുണ്ട്. കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം, വിദേശ കാര്യ മന്ത്രാലയം, ഡൽഹിയിലെ യു.എ.ഇ. എംബസ്സി, മുംബൈയിലെ യു.എ.ഇ. കോൺസുലേറ്റ് എന്നിവയ്ക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് അധികാരമുള്ളത്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താൻ കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

154 [1564] ശ്രീ. വി. എസ്. സുനിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'റൂട്ട്സ്' വിദേശത്ത് പോകുന്നവരുടെ എത്ര സർട്ടിഫിക്കറ്റുകൾ പ്രതിദിനം സാക്ഷ്യപ്പെടുത്തുന്നു എന്നറിയിക്കാമോ;

(ബി) സാക്ഷ്യപ്പെടുത്തുവാൻ എത്ര പേർ പ്രതിദിനം രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004 ജൂൺ 25-ന് രജിസ്റ്റർ ചെയ്തവർക്ക് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ എന്നാണ് തീയതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിലെ തിരക്ക് ഒഴിവാക്കുവാൻ കൂടുതൽ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റൂട്ട്സിൽ പ്രവർത്തിക്കുന്ന കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക സാക്ഷ്യപ്പെടുത്തൽ കേന്ദ്രത്തിൽ ദിവസം പരമാവധി 150 വ്യക്തികളുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

(ബി) ഇന്റർനെറ്റ് വഴി ശരാശരി 50 മുതൽ 60 വരെ പേർ പ്രതിദിനം രജിസ്റ്റർ ചെയ്യുന്നുണ്ട്.

(സി) 2004 ജൂൺ 25-ന് രജിസ്റ്റർ ചെയ്ത 138 അപേക്ഷകർക്ക് ഡിസംബർ മാസത്തേയ്ക്ക് ഓൺലൈൻ ടോക്കൺ നൽകിയിട്ടുണ്ട്. ഇവരിൽ ഡിസംബർ 3-ാം തീയതി ഒരാൾക്കും ഡിസംബർ 6-ാം തീയതി 133 പേർക്കും ഡിസംബർ 7, 8 തീയതികളിൽ 2 പേർക്കു വീതവുമാണ് ടോക്കൺ നൽകിയിരിക്കുന്നത്.

(ഡി) കോഴിക്കോട്ടും കൊച്ചിയിലും സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

റൂട്ട്സിൽ എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ

155 [1565] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാത്തവർക്ക് റൂട്ട്സിൽ എച്ച്.ആർ.ഡി. സാക്ഷ്യപ്പെടുത്തൽ അനുവദിക്കാറുണ്ടോ; എങ്കിൽ ഏതൊക്കെ സാഹചര്യങ്ങളിലാണ് അനുവദിക്കാറുള്ളതെന്ന് വിശദമാക്കുമോ; ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഓൺലൈൻ രജിസ്ട്രേഷനിൽ ഒരിക്കൽ പേര് രജിസ്റ്റർ ചെയ്തയാൾ വീണ്ടും രജിസ്റ്റർ ചെയ്താൽ അത് തിരസ്ക്കരിക്കാനുള്ള സംവിധാനം ഉണ്ടോ;

(സി) രജിസ്റ്റർ ചെയ്ത വ്യക്തിയുടെ പേരും പാസ്പോർട്ട് നമ്പരും ശരിയാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly